# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 08.05.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1.) ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷി യോഗം ഇന്ന്.

**Government has convened an all party meeting today in the wake of Operation Sindoor.**

2.) ഓപ്പറേഷൻ സിന്ദൂറിലൂടെ, ഇന്ത്യ പ്രതികരിക്കാനുള്ള അവകാശം വിനിയോഗിക്കുകയാണ് ചെയ്തതെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്.

**Defence Minister Rajnath Singh says, India exercised its Right to respond through Operation Sindoor**

3.) പാകിസ്ഥാൻ നടത്തുന്ന ഷെൽ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ അതിർത്തി മേഖലയിൽ കനത്ത ജാഗ്രത. പ്രദേശവാസികളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി സൈന്യം.

**High alert in the border area in the wake of shelling by Pakistan. The army has evacuated the local residents to safer places.**

4.) കേരള സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി നടത്തുന്ന സംസ്ഥാന തല പട്ടയമേള മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പാലക്കാട് ഉദ്ഘാടനം ചെയ്യും.

Chief Minister Pinarayi Vijayan will inaugurate the state-level Pattaya Mela, which is being held as part of the Kerala government's fourth anniversary celebrations, in Palakkad today.

5.) മനുഷ്യത്വത്തെ നിലനിർത്തുക പ്രമേയത്തിലൂന്നി ഇന്ന് ലോക റെഡ് ക്രോസ് ദിനം.

Today is World Red Cross Day with the theme Keeping Humanity Alive

6.) ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ.

In Women's Tri-Nation ODI cricket series India defeated South Africa and entered into the finals .

********************************

## MORN. GOVT ALL PARTY MEETING

ഓപ്പറേഷൻ സിന്ദൂറിൻറ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷി യോഗം ഇന്ന്. വിവിധ രാഷ്ട്രീയ പാർട്ടികളോട് കേന്ദ്രസർക്കാർ ഓപ്പറേഷന്റെ വിശദാംശങ്ങൾ പങ്കുവയ്ക്കും. ഓപ്പറേഷൻ സിന്ദൂറിനും ഇന്ത്യൻ സേനകളുടെ ധീരതയക്കും വിവിധ രാഷ്ട്രീയ പാർട്ടികൾ ഇന്നലെ തന്നെ അഭിവാദ്യം അർപ്പിച്ചിരുന്നു. പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നടപടികൾക്ക് പൂർണ പിന്തുണ നൽകുമെന്ന് പ്രതിപക്ഷം നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു.

********************************

## SINDHOOR – GENERAL (INTRO)

ഓപ്പറേഷൻ സിന്ദൂറിലൂടെ പാകിസ്ഥാനിലെയും, പാക് അധിനിവേശ കശ്മീരിലെയും 9 ഭീകര കേന്ദ്രങ്ങളിലാണ് ഇന്ത്യൻ സേന പ്രത്യാക്രമണം നടത്തിയത്. പഹൽഗാം ഭീകരാക്രമണത്തിന് ശക്തമായ മറുപടി നൽകിക്കൊണ്ട് ഭീകരരുടെ താവളങ്ങളെ കൃത്യമായി ലക്ഷ്യം വച്ചുകൊണ്ടായിരുന്നു ആക്രമണം. പാക്

സൈനിക കേന്ദ്രങ്ങളെ ഓപ്പറേഷൻ സിന്ദൂറിൽ ലക്ഷ്യമിട്ടിരുന്നില്ലെന്ന് സൈനിക വൃത്തങ്ങൾ അറിയിച്ചു.

(വോയിസ്)

*******************************

## PM CABINET

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തിൽ ഇന്ത്യൻ സായുധ സേനയെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പാക് ഭീകരകേന്ദ്രങ്ങൾക്ക് നേരെ ഇന്ത്യൻ സേന നടത്തിയ നിർണായക സൈനിക നടപടിയെക്കുറിച്ച് കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ വിശദീകരിക്കുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂർ നേരിട്ട് നിരീക്ഷിച്ച പ്രധാനമന്ത്രിയെ കേന്ദ്രമന്ത്രിമാർ അഭിനന്ദിച്ചു. ദൗത്യത്തിൻറെ വിശദാംശങ്ങൾ അറിയിക്കുന്നതിനായി പ്രധാനമന്ത്രി ഇന്നലെ രാഷ്ട്രപതി ദ്രൗപദി മുർമുവിനെ രാഷ്ട്രപതി ഭവനിൽ സന്ദർശിച്ചു.

*******************************

## AMIT SHAH

ഓപ്പറേഷൻ സിന്ദൂറിന് ശേഷം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ അതിർത്തി സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, ഡിജിപിമാർ , ചീഫ് സെക്രട്ടറിമാർ എന്നിവർ യോഗം ചേർന്നു . സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന ദേശവിരുദ്ധ സന്ദേശങ്ങൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് പാകിസ്ഥാൻ, നേപ്പാൾ എന്നിവയുമായി അതിർത്തി പങ്കുവയ്ക്കുന്ന സംസ്ഥാങ്ങളോട് ശ്രീ.ഷാ ആവശ്യപ്പെട്ടു. ജമ്മു കാശ്മീർ, പഞ്ചാബ്, രാജസ്ഥാൻ, ഗുജറാത്ത് , ഉത്തരാഖണ്ഡ് , ഉത്തർപ്രദേശ് , ബിഹാർ , സിക്കിം , പശ്ചിമബംഗാൾ എന്നിവിടങ്ങളിലെ മുഖ്യമന്ത്രിമാരും ലഡാക്ക്, ജമ്മുകശ്മീർ എന്നിവിടങ്ങളിലെ ലഫ്റ്റനൻറ് ഗവർണർമാരും യോഗത്തിൽ പങ്കെടുത്തു.

*****************************

## RAJNATH (INTRO)

ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രതികരിക്കാനുള്ള അവകാശം വിനിയോഗിക്കുകയാണ് ഇന്ത്യ ചെയ്തെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ദൗത്യത്തിൽ സായുധസേന കൃത്യതയോടെയും ജാഗ്രതയോടെയും പ്രവർത്തിച്ചതായി അദ്ദേഹം പറഞ്ഞു. ഭീകര ക്യാമ്പുകൾ മാത്രമേ ലക്ഷ്യം വെച്ചിരുന്നുള്ളുവെന്നും സാധാരണ ജനങ്ങളെയും പാകിസ്ഥാൻ സൈനിക താവളങ്ങളെയും ബാധിക്കില്ലെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയിസ് )

*****************************

## J AND K-EVACUATE

ജമ്മുകശ്മീരിലെ നിയന്ത്രണ രേഖയിലും ജമ്മു അന്താരാഷ്ട്ര അതിർത്തിയിൽ നിന്നും നൂറോളം പ്രദേശവാസികളെ മാറ്റിപാർപ്പിച്ചു. പാകിസ്ഥാൻ ഷെൽ ആക്രമണത്തിൻറെ പശ്ചാത്തലത്തിലാണ് ഇവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയത്. പൂഞ്ച്, രജൗരി ജില്ലകളിലെ ഗ്രാമങ്ങളിലുണ്ടായ ഷെല്ലാക്രണത്തിൽ കുട്ടികളുൾപ്പെടെ 15 പേരാണ് കൊല്ലപ്പെട്ടത്. ഇന്ത്യൻ സേനയിലെ ലാൻസ് നായിക്, ദിനേശ് കുമാറും ഷെല്ലാക്രമണത്തിൽ വീരമൃത്യു വരിച്ചു. ആർഎസ് പുര സെക്ടറിൽ വെടിവയ്പ്പ് ഉണ്ടായിട്ടില്ലെങ്കിലും ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നുണ്ട്. അഖ്നൂരിലും ജനങ്ങളോട് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതേസമയം, ഇന്ത്യയുടെ ആക്രമണത്തിൽ പാകിസ്ഥാനിൽ മരിച്ചവരുടെ എണ്ണം 31 ആയതായി പാകിസ്ഥാൻ സൈനിക വൃത്തങ്ങൾ അറിയിച്ചു.

*****************************

## RAJASTHAN + PUNJAB ALERT

ഓപ്പറേഷൻ സിന്ദൂറിൻ്റെ പശ്ചാത്തലത്തിൽ പഞ്ചാബിലെ അതിർത്തി മേഖലകളിൽ സുരക്ഷ വർധിപ്പിച്ചു. ഏത് സാഹചര്യത്തെയും നേരിടാൻ ബിഎസ്എഫ് സജ്ജമായിരിക്കുകയാണ്. പാകിസ്ഥാനുമായി പഞ്ചാബ് 553 കിലോമീറ്റർ ദൈർഘ്യത്തിൽ അതിർത്തി പങ്കിടുന്നുണ്ട്. രാജസ്ഥാനിൽ ബിക്കാനീർ, ജോധ്പൂർ, കിഷൻഗഡ്, ജയ്പൂർ വിമാനത്താവളങ്ങളിൽ നിന്നുള്ള സർവീസുകൾ നിർത്തിവച്ചു. സർക്കാർ ഉദ്യോഗസ്ഥരുടെ അവധി റദ്ദാക്കുകയും തലസ്ഥാനം വിട്ട് പോകരുതെന്ന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

*****************************

## NIA- PAGALHAM

പഹൽഗാം ഭീകരാക്രമണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും വിവരങ്ങളോ, ഫോട്ടോ, വീഡിയോ എന്നിവയോ കൈവശമുള്ള വിനോദസഞ്ചാരികൾ, പ്രദേശവാസികൾ തുടങ്ങിയവർ എത്രയും വേഗം അവ ലഭ്യമാക്കാണമെന്ന് ദേശീയ അന്വേഷണ ഏജൻസി നിർദേശിച്ചു. വിവരങ്ങൾ 96 54 95 88 16 എന്ന മൊബൈൽ നമ്പറിലോ 011 24 36 88 00 എന്ന ലാൻറ് ലൈൻ നമ്പറിലോ ലഭ്യമാക്കാനാണ് നിർദേശം.

*****************************

## AIRPORT

സംഘർഷത്തിൻ്റെ പശ്ചാത്തലത്തിൽ ശ്രീനഗർ വിമാനത്താവളം അടച്ചതായി വ്യോമസേന അറിയിച്ചു. ശ്രീനഗർ, ലേ, ജോധ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡീഗഡ്, രാജ്കോട്ട് എന്നിവിടങ്ങളിലെ വിമാനസർവീസുകൾ നിർത്തിവച്ചതായി എയർ ഇന്ത്യ, സ്പൈസ്ജെറ്റ്, ഇൻഡിഗോ ഉൾപ്പെടെയുള്ള എയർലൈൻ

കമ്പനികൾ വ്യക്തമാക്കി. ഇന്തോ-പാക് അതിർത്തി ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചിരിക്കുകയാണ്.

******************************

## LADAKH-FREE ACCOMMODATION

ലേ വിനാനത്താവളം അടച്ചതിനെ തുടർന്ന് കുടുങ്ങിയ വിനോദ സഞ്ചാരികൾക്ക് സൗജന്യ താമസം ഒരുക്കി ലഡാക്കിലെ ഹോട്ടലുകളുടെയും ഗസ്റ്റ് ഹൗസുകളുടെയും സംഘടന. ഓപ്പറേഷൻ സിന്ദൂറിൻറെ പശ്ചാത്തലത്തിൽ ആയിരത്തിലേറെ യാത്രക്കാരാണ് ലേയിൽ കുടുങ്ങിയത് എന്നാണ് വിവരം.

******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും......

******************************

## PATTAYAMELA

കേരള സർക്കാറിന്റെ നാലാം വാർഷികാഘോഷത്തിൻറെ ഭാഗമായി നടത്തുന്ന സംസ്ഥാന തല പട്ടയമേള മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പാലക്കാട് ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തുടനീളം 30,000 പട്ടയങ്ങളാണ് പട്ടയമേളയിൽ വിതരണം ചെയ്യുന്നത്. ജില്ലയിലെ 9,000 പട്ടയങ്ങളിൽ 4,500 പട്ടയങ്ങളുടെ വിതരണവും നടക്കും

******************************

## PAPAEL CONCLAVE

അടുത്ത പോപ്പിനെ തിരഞ്ഞെടുക്കാനുള്ള പേപ്പൽ കോൺക്ലേവിനു വത്തിക്കാനിൽ തുടക്കമായി. ഇന്നലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന വിശുദ്ധ കുർബാനയർപ്പണത്തിനു

ശേഷമായിരുന്നു വോട്ടവകാശമുള്ള കർദിനാൾമാരുടെ സംഘം സിസ്റ്റിൻ ചാപ്പലിൽ തെരഞ്ഞെടുപ്പിനായി ഒത്തുകൂടിയത്. ഓരോ കർദിനാൾമാർക്കും ഒരാളുടെ പേര് നാമനിർദേശം ചെയ്യാം. ഇലക്ടറൽ കോളേജിന്റെ മൂന്നിൽ രണ്ട് അംഗങ്ങൾ പിന്തുണക്കുന്ന കർദിനാളായിരിക്കും അടുത്ത പോപ്പ്. അതോടെ സിസ്റ്റൈൻ ചാപ്പലിൽ നിന്നും വെളുത്ത പുക ഉയരും. പ്രക്രിയ പരാജയപ്പെട്ടാൽ കറുത്ത പുക ആയിരിക്കും ഉയരുക.

******************************

## RED CROSS DAY

ഇന്ന് ലോക റെഡ് ക്രോസ് ദിനം. റെഡ് ക്രോസിൻറെ സ്ഥാപകനായ ജീൻ ഹെന്റി ഡുനാൻറെ ജന്മദിനമാണ് ലോക റെഡ് ക്രോസ് ദിനമായി ആഘോഷിക്കുന്നത്. മനുഷ്യത്വത്തെ ജീവനോടെ നിലനിർത്തുക എന്നതാണ് ഈ വർഷത്തെ പ്രമേയം.

******************************

## INDIA – IRAN

ഇന്ത്യ - ഇറാൻ സംയുക്ത കമ്മീഷൻ യോഗത്തിൽ പങ്കെടുക്കുന്നതിനായി ഇറാൻ വിദേശകാര്യമന്ത്രി ന്യൂഡൽഹിയിലെത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള അവസരമായാണ് യോഗത്തെ കണക്കാക്കുന്നത്.

******************************

## TRI-NATION ODI

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ ഇന്ത്യ ഫൈനലിൽ. ദക്ഷിണാഫ്രിക്കയെ 23 റണ്ണിന് പരാജയപ്പെടുത്തിയാണ് ഫൈനൽ പ്രവേശം. ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ശ്രീലങ്കയാണ് ഇന്ത്യയുടെ എതിരാളി.

******************************

## IPL-CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ രണ്ട് വിക്കറ്റിന് പരാജയപ്പെടുത്തി. പോയിൻറ് പട്ടികയിൽ കൊൽക്കത്ത ആറാമതും ചെന്നൈ പത്താം സ്ഥാനത്തുമാണ്. ഇന്ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7.30 ന് ധരംശാലയിലാണ് മത്സരം.

******************************

## ROHIT- TEST CRICKET

ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ രോഹിത് ശർമ്മ ടെസ്റ്റ് ക്രിക്കറ്റിൽ നിന്നും വിരമിക്കുന്നു. സമൂഹ മാധ്യമത്തിലൂടെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. 67 ടെസ്റ്റ് മത്സരങ്ങളിൽ നിന്ന് രോഹിത് ശർമ്മ 4,301 റൺസ് നേടിയിട്ടുണ്ട്. ഏകദിന മത്സരങ്ങളിൽ രോഹിത് തുടരും.

******************************

## EVE KHELO INDIA BIHAR

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ 13 സ്വർണ്ണമുൾപ്പെടെ 35 മെഡലുകളുമായി മഹാരാഷ്ട്ര ഒന്നാം സ്ഥാനത്ത് തുടരുന്നു. 9 സ്വർണ്ണവും മൂന്ന് വെള്ളിയും നാല് വെങ്കലവും ഉൾപ്പെടെ 16 മെഡലുകൾ നേടിയ രാജസ്ഥാൻ രണ്ടാം സ്ഥാനത്തും കർണാടക മൂന്നാമതുമാണ്.

******************************

## WEATHER

കേരളത്തിൽ ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാസ്ഥാ വകുപ്പ്. അതേസമയം കോഴിക്കോട്, പാലക്കാട്, കൊല്ലം, തൃശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനിലയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

*****************************

## CBI – DIRECTOR

സിബിഐ ഡയറക്ടർ പ്രവീൺ സൂദിന്റെ കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടാൻ കേന്ദ്ര മന്ത്രിസഭ സമിതി തീരുമാനിച്ചു. ഈ മാസം 25- നാണ് പ്രവീൺ സൂദിൻറെ കാലാവധി അവസാനിക്കുന്നത്. കർണാടക കേഡറിലെ ഐപിഎസ് ഉദ്യോഗസ്ഥാനാണ് പ്രവീൺ സൂദ്.

*****************************

## PALAKKAD IIT

പാലക്കാട് ഐഐടിയുടെ അക്കാദമിക, അടിസ്ഥാന സൗകര്യ വികസനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ ഇന്നലെ ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി. പാലക്കാട് അടക്കം അഞ്ച് പുതിയ ഐഐടികളുടെ അടുത്ത ഘട്ടത്തിലേക്കുള്ള നിർമാണ പ്രവർത്തനങ്ങൾക്കാണ് കേന്ദ്രം അംഗീകാരം നൽകിയത്.

****************************************************************************************

****************************************